# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3743** — **24.06.2014**- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ വായ്പാ പരിധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, പാലോട് രവി<br>,, പി.എ. മാധവൻ<br>,, സി.പി. മുഹമ്മദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാപരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ പരിധി ഉയർത്തിയിട്ടുണ്ട്. |
| ബി) ഏതെല്ലാം ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വ്യക്തിഗത വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ മുതലായ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധയിനം വായ്പകളുടെ പരിധി ഉയർത്തുകയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി അതാത് സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിനനുസൃതമായി പരമാവധി 50 ലക്ഷം രൂപ വരെയായി നിജപ്പെടുത്തിയിട്ടുമുണ്ട്. |

സി) ഏതെല്ലാം തരം വായ്പകൾക്കാണ് (സി) പരിധി ഉയർത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

വായ്പാ പരിധി ഉയർത്തിയ വിവിധ വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വായ്പകൾ | പരമാവധി പരിധി ( തുക ലക്ഷത്തിൽ) | |
|---|---|---|---|
| | | നിലവിലുണ്ടായിരുന്നത് | പരിധി വർദ്ധിപ്പിച്ചത് |
| 1 | വ്യവസായ വായ്പ | 10 | 25 |
| 2 | ഭൂസ്വത്ത് വാങ്ങുന്നതിന് | 5 | 25 |
| 3 | സ്വർണ്ണപ്പണയ വായ്പ | 5 | 25 |
| 4 | പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ | 5 | 10 |
| 5 | വിവാഹ വായ്പ | 3 | 5 |
| 6 | വീട് മെയിന്റനൻസ് വായ്പ | 3 | 5 |
| 7 | ഭവന നിർമ്മാണ വായ്പ | 10 | 25 |
| 8 | വീടും ഭൂസ്വത്തും വാങ്ങുന്നതിനുള്ള വായ്പ ( വ്യക്തികൾക്ക് ഫ്ലാറ്റ് വാങ്ങാൻ ഉൾപ്പെടെ) | -- | 50 |
| 9 | വീട്ടുപകരണങ്ങൾവാങ്ങുന്നതിനുള്ള വായ്പ | 2 | 5 |
| 10 | ബിസിനസ്സ് വായ്പ | 5 | 10 |